## 9. അമേരിക്ക

കൊളംബസ് അമേരിക്കൻ വൻകരയിലെത്തിയ നാൾ മുതല്ക്കേ അവിടെ പര്യടനം നടത്തിയ സംഘങ്ങളിലും കച്ചവട സംഘങ്ങളിലും പിന്നീടുണ്ടായ കുടിയേറ്റങ്ങളിലുമൊക്കെ ഇസ്‌ലാമുമായി പല നിലയ്ക്കും ബന്ധമുള്ള വ്യക്തികൾ ഉണ്ടായിരുന്നതായി അമേരിക്കൻ ചരിത്രകാരന്മാർ സ്ഥിരീകരിച്ചിട്ടുണ്ട്.

മുസ്‌ലിം സ്പെയ്നിന്റെ തകർച്ചക്കുശേഷം ധാരാളം മൂറുകൾ (സ്പാനിഷ് മുസ്‌ലിംകൾ) അമേരിക്കയിലേക്ക് കുടിയേറുകയുണ്ടായി. എന്നാൽ അവരുടെ എണ്ണപ്പെരുപ്പം ക്രൈസ്തവരായ ഭരണാധികാരികൾ തങ്ങൾക്കെതിരെ തിരിയാൻ പ്രേരിപ്പിക്കുമെന്ന് ഭയപ്പെട്ടിരുന്നതിനാൽ അവർ തങ്ങളുടെ ഇസ്‌ലാമിക വ്യക്തിത്വം പ്രകടിപ്പിച്ചിരുന്നില്ല.

പിന്നീട് അമേരിക്കൻ വൻകരയിൽ ആധിപത്യമുറപ്പിച്ച യൂറോപ്യൻ ശക്തികൾ അമേരിക്കയിലെ തോട്ടങ്ങളിൽ പണിയെടുപ്പിക്കുന്നതിനും അടിമവൃത്തിക്കുമായി പതിനായിരക്കണക്കിന് ആഫ്രിക്കൻ നീഗ്രോ മുസ്‌ലിംകളെ അമേരിക്കയിലേക്ക് കൊണ്ടുവന്നു. നിരവധി നൂറ്റാണ്ടുകൾ നീണ്ടുനിന്ന ഈ അടിമവൃത്തി 19–ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ അബ്രഹാം ലിങ്കൻ നിരോധിച്ചുവെങ്കിലും പിന്നീടും വർഷങ്ങളോളം അത് നിലനില്ക്കുകയുണ്ടായി.

ഇങ്ങനെ കൊണ്ടുവരപ്പെട്ട നീഗ്രോകൾ പശ്ചിമ അമേരിക്കൻ ഭാഗത്ത് ജനസംഖ്യയുടെ 20% വരെ വരുമായിരുന്നു. അടിമത്ത വിമോചനത്തിനുശേഷം 1835–1917 വരെ ബ്രിട്ടീഷുകാർ ഗിനിയയിൽനിന്ന് കുടിയൊഴിപ്പിച്ച് കൊണ്ടുവന്ന ഇന്ത്യൻ കൂലിവേലക്കാരിൽ ഒരു വിഭാഗം മുസ്‌ലിംകളായിരുന്നു. ഇന്നിവർ അമേരിക്കൻ ജനസംഖ്യയുടെ 10 ശതമാനത്തോളം വരും.

ട്രിനിഡയിലും ടോബാഗോയിലും നിരവധി വർഷങ്ങളായി മുസ്‌ലിംകൾ അധിവസിക്കുന്നുണ്ട്. അവർ അവിടത്തെ ജനസംഖ്യയുടെ ആറ് ശതമാനത്തോളം വരും. ദീർഘകാലം ഡച്ച് കോളനിയായിരുന്ന സൂരിനാമിൽ 30% പേർ മുസ്‌ലിംകളാണ്.

ഇന്ത്യയിൽനിന്നും ജാവയിൽനിന്നും കഴിഞ്ഞ നൂറ്റാണ്ടുകളിൽ തൊഴിലെടുക്കുന്നതിനായി കൊണ്ടുവരപ്പെട്ട കൂലിവേലക്കാരിലധികവും മുസ്‌ലിംകളായിരുന്നു. ചുരുങ്ങിയ ശതമാനം ആഫ്രിക്കൻ വംശജരുമുണ്ട്.

19–ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സിറിയൻ മേഖലയിൽനിന്ന് ധാരാളം അറബി വംശജർ അമേരിക്കയിൽ കുടിയേറുകയുണ്ടായി. അവരും സമൂഹത്തിലെ താഴെക്കിടക്കാരായ ചെറുകച്ചവടക്കാരായിരുന്നു. പുരുഷന്മാരായ അവർ അമേരിക്കൻ വനിതകളെ വിവാഹം കഴിക്കുകയും അവിടെ സ്ഥിരതാമസമാക്കുകയും അമേരിക്കൻ ജനതയുടെ ഭാഗമായിത്തീരുകയും ചെയ്തു. സാഹചര്യങ്ങളുടെ സമ്മർദം മൂലം തങ്ങളുടെ മതപരമായ വ്യക്തിത്വം പൂർണമായും കാത്തുസൂക്ഷിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ലെങ്കിലും പള്ളികളും പ്രാർഥനാ മന്ദിരങ്ങളും സ്ഥാപിച്ച് അതിൽ ഒത്തുചേരുന്നതിലൂടെ ഒരു പ്രത്യേക സമൂഹമായി നിലനില്ക്കുവാൻ അവർ ശ്രദ്ധിച്ചിരുന്നു. ഇത്തരം സമൂഹങ്ങൾ ഡെഡാർറാപിഡ്സ്, ഇയോവ, എഡ്മണ്ട്, ആർബിട്ര എന്നീ സ്ഥലങ്ങളിൽ നല്ല സ്വാധീനം നേടിയിട്ടുണ്ട്.

ഒന്നും രണ്ടും ലോകയുദ്ധങ്ങളെത്തുടർന്ന് മധ്യപൗരസ്ത്യ ദേശത്തുനിന്നും മറ്റു നാടുകളിൽനിന്നും ധാരാളം അറബി–അനറബി മുസ്‌ലിംകൾ അമേരിക്കയിലേക്ക് കുടിയേറുകയുണ്ടായി. ലബ്നാൻ, ഫിലസ്തീൻ, സിറിയ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് നിരവധി മുസ്‌ലിം യുവാക്കൾ ഉന്നത വിദ്യാഭ്യാസത്തിനായി അമേരിക്കയിലെത്തിച്ചേർന്നു. അവരിൽ ചിലരെങ്കിലും അമേരിക്കൻ വനിതകളെ വിവാഹം കഴിക്കുകയും തങ്ങളുടെ മാതൃരാജ്യവുമായും അമേരിക്കയുമായും നിരന്തര ബന്ധം പുലർത്തുകയും ചെയ്തുപോന്നിരുന്നു. പലപ്പോഴും പ്രസ്തുത ആളുകൾ ഇസ്‌ലാമിക മൂല്യങ്ങൾ കൈയൊഴിഞ്ഞ് അമേരിക്കൻ സംസ്കാരത്തിൽ ലയിച്ചുചേർന്നിട്ടുണ്ട്. എങ്കിലും പ്രസ്തുത വിഭാഗം കേന്ദ്രീകരിച്ച പ്രദേശങ്ങളിൽ പിന്നീട് പള്ളികളും ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ച് തങ്ങളുടെ മതപരമായ ബന്ധം നിലനിർത്തിപ്പോരുന്നു.

കുടിയേറ്റ നിയമങ്ങളിൽ വന്ന വ്യതിയാനത്തെത്തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിശിഷ്യാ, അറബി നാടുകൾ–ഇന്ത്യ, പാകിസ്താൻ തുടങ്ങിയ മൂന്നാം ലോകരാജ്യങ്ങളിൽനിന്നുമുള്ള ഉന്നത വിദ്യാഭ്യാസം നേടിയവരും സാങ്കേതിക വിദഗ്ധൻമാരും അമേരിക്കയിൽ സ്ഥിരതാമസമാക്കിയിട്ടുണ്ട്. ഇവരിൽ നല്ലൊരു വിഭാഗം മുസ്‌ലിംകളാണ്. അറബി മുസ്‌ലിംകളും പാകിസ്താനീ മുസ്‌ലിംകളും ഇക്കൂട്ടത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്നവരാണ്.

അമേരിക്കയിലെ മിക്കവാറും നഗരങ്ങളിൽ ഇന്ന് നിരവധി ഇസ്‌ലാമിക പ്രവർത്തകരും ഇസ്‌ലാമിക പ്രബോധന കേന്ദ്രങ്ങളും മുസ്‌ലിം സാംസ്കാരിക വിദ്യാഭ്യാസ സംഘടനകളും നിലവിലുണ്ട്. ഫെഡറേഷൻ ഓഫ് ഇസ്‌ലാമിക് അസോസിയേഷൻ, കൗൺസിൽ ഓഫ് മുസ്‌ലിം കമ്യൂണിറ്റീസ് ഓഫ് കാനഡ, മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷൻ ഓഫ് യു.എസ്.എ. (**MSA**), ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക, ഐ.ഐ.ഐ.റ്റി എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്.